ഫെബ്രുവരി 5, 2014

# വർഗീയ വിരുദ്ധ ബിൽ അവതരിപ്പിക്കുന്നതിലെ എന്റെ എതിർപ്പ്

അരുൺ ജെയ്റ്റ്‌ലി, പ്രതിപക്ഷ നേതാവ് (രാജ്യസഭ)

ആഭ്യന്തര മന്ത്രി സുശീൽ കുമാർ ഷിൻഡെ വർഗീയാക്രമണം തടയൽ (അക്സസ് ടു ജസ്റ്റിസ് ആന്റ് റിപ്പറേഷൻസ്) ബിൽ 2014 സഭയിൽ അവതരിപ്പിക്കാൻ പാർലമെന്റിനുള്ള പോരായ്മയുടെ പേരിൽ ഞാൻ ബിൽ അവതരണം എതിർത്തു. ഭരണഘടനയുടെ ഏഴാം വകുപ്പ് പ്രകാരവുമുള്ള നിയമനിർമാണപരമായ പ്രശ്നങ്ങൾ അടിസ്ഥാനമാക്കിയാണ് എന്റെ എതിർപ്പ്. ഏഴാം വകുപ്പിലെ രണ്ടാം പട്ടിക സംസ്ഥാനത്തിന്റെ അധികാര പരിധിയെക്കുറിച്ചാണ്. അതിലെ ഒന്നാം ഇനം പബ്ലിക് ഓർഡറാണ്. രണ്ട് പോലീസും 41 സംസ്ഥാനത്തിന്റെ പബ്ലിക് സർവീസുമാണ്. ഈ വിഷയങ്ങളെല്ലാം സംസ്ഥാനത്തിന്റെ അധികാരപരിധിയിൽ വരുന്ന വിഷയങ്ങളാണ്. ആ വിഷയത്തിൽ കേന്ദ്രത്തിന് ഒരു നിയമം കൊണ്ടുവരാനുള്ള അധികാരമില്ല.

നിർദ്ദിഷ്ട ബിൽ കുറ്റകൃത്യങ്ങളിൽ പുതിയൊരു വിഭാഗം ഉണ്ടാക്കാൻ പോവുകയാണ്. അതുവഴി ചില പ്രദേശങ്ങളെ അസ്വസ്ഥമേഖലകളായി പ്രഖ്യാപിച്ച് വിജ്ഞാപനം ചെയ്യാൻ പോവുകയാണ്. വർഗീയാക്രമണം തടയാനുള്ള നടപടികളാണത് നിർദ്ദേശിക്കുന്നത്. പൊതുസമാധാനം സംരക്ഷിക്കുന്നത് സംബന്ധിച്ച് ഒരു അധ്യായം തന്നെ ബില്ലിൽ ഉണ്ട്. അതിൽ നഷ്ടപരിഹാരം, സമയത്തു തക്ക നടപടി എടുക്കാത്ത സർക്കാർ ഉദ്യോഗസ്ഥർക്കെതിരെ പിഴ ശിക്ഷ, നടപടി തുടങ്ങിയവക്കും ശുപാർശ ചെയ്യുന്നു. ഇതെല്ലാം സംസ്ഥാന സർക്കാരുകളുടെ അധികാരത്തിലുള്ള കാര്യങ്ങളാണ്. ഈ നിയമങ്ങളെല്ലാം നടപ്പാക്കേണ്ടത് സംസ്ഥാനമായതിനാൽ ബിൽ സംസ്ഥാനങ്ങളുടെ ഫെഡറൽ അധികാരത്തെ തടസ്സപ്പെടുത്തുന്നില്ലെന്ന് നിയമമന്ത്രി പറയുന്നു. എന്നാൽ നിയമമനിർമാണാധികാരവും നിർവഹണാധികാരവും തമ്മിൽ വ്യക്തമായ വ്യത്യാസമുണ്ടെന്നാണ് എന്റെ മറുപടി. നിയമനിർമാണാധികാരമാണ് നിയമനിർമാണ സഭയ്ക്കുള്ളത്. നടപടിയെടുക്കാനുള്ള അധികാരമാണ് നിർവഹണ സംവിധാനത്തിന്. എന്റെ എതിർപ്പ് നിയമനിർമാണത്തിനുള്ള അധികാര പോരായ്മയിലാണ്. രണ്ടാം പട്ടികയിൽ പെടുന്ന 1, 2, 41 എന്നീ ഇനങ്ങൾക്ക് അധികാരം കേന്ദ്രത്തിനല്ലാത്തതിനാൽ അവയിൽ ഒരു നിയമമുണ്ടാക്കി ഞങ്ങൾ അധികാരം നൽകുന്നുവെന്ന് സംസ്ഥാനങ്ങളോട് പറയാൻ കേന്ദ്രത്തിന് അധികാരമില്ല. ഇക്കാര്യത്തിൽ ബിജെപി കൈക്കൊണ്ട നിലപാടിനെ ഒട്ടുമിക്ക പാർട്ടികളും പിന്തുണക്കുന്നു. അതുകൊണ്ട് അവതരണഘട്ടത്തിൽ തന്നെ ബിൽ മാറ്റിവെക്കുകയുണ്ടായി.